**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5050** **20-03-2025 - ൽ മറുപടിയ്ക്ക്**

**നിർബന്ധിത വില്ലേജ് ഓഫീസ് സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിൽ വിവിധ തസ്തികകളിൽ നിർബന്ധിത വില്ലേജ് ഓഫീസ് സേവനം നടപ്പിലാക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | റവന്യൂ വകുപ്പിൽ വില്ലേജ് ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് 3 വർഷത്തെ വില്ലേജ് ഓഫീസ് സേവനം വില്ലേജ് അസിസ്റ്റന്റ്/ക്ലർക്ക്/ സ്പെഷ്യൽ വില്ലേജ് ഓഫീസർ തസ്തികയിലും, ഡെപ്യൂട്ടി തഹസിൽദാർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിലേയ്ക്കായി വില്ലേജ് ഓഫീസർ തസ്തികയിൽ 2 വർഷത്തെ വില്ലേജ് സേവനവും നിർബന്ധമാക്കി 06/09/2022 തീയിതിയിലെ ജി.ഒ.(കൈ) 213/2022/ആർഡി, ജി.ഒ.(കൈ) 212/2022/ ആർഡി എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | വില്ലേജ് ഓഫീസുകളിൽ വില്ലേജ് ഓഫീസർ ഉൾപ്പെടെയുള്ള വിവിധ തസ്തികകളിൽ ഒരേ ഓഫീസിൽ സേവനം അനുഷ്ഠിക്കുന്നതിന് മിനിമം കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കാലാവധിക്ക് ശേഷവും വിവിധ തസ്തികകളിൽ ഒരേ ഓഫീസിൽ ജീവനക്കാർ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | റവന്യൂ വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം സംബന്ധിച്ച 30/07/2021ലെ സർക്കാർ ഉത്തരവ് സ.ഉ.(സാധാ) 2485/2021/റവ നം പ്രകാരം ഒരു ഓഫീസിൽ ഒരു ജീവനക്കാരന് പരമാവധി 5 വർഷം തുടർച്ചയായി ജോലി ചെയ്യാവുന്നതാണ്. പ്രസ്തുത ഉത്തരവ് പാലിക്കുന്നതിന് എല്ലാ ഓഫീസ് മേധാവികൾക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ